LIBRARY ARCHIVES Kerala Legislative Assembly

കുറിഞ്ഞാലിയോട് സബ്സെന്റർ നിർമ്മാണ പ്രവൃത്തി

183 (1549) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ മാസം 20-ാം തീയതി വടകര നിയോജക മണ്ഡലത്തിൽപ്പെട്ട ഏറാമല പഞ്ചായത്തിലെ കുറിഞ്ഞാലിയോട് സബ്സെന്ററിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഉദ്ഘാടനം ചെയ്തോ എന്നറിയിക്കുമോ;

(ബി) ഇതിനായി സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുകയുണ്ടായെന്നും വിശദമാക്കുമോ;

&

(സി) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

കാട്ടാക്കട സി.എച്ച്.സി.

184 (1550) ശ്രീ. ജി. സ്റ്റീഫൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

16-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 113/2018/ ആ.കു.വ., പ്രകാരം ആർദ്രം മിഷനിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒരു ഡോക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ദിവസവും ഒ.പി.-യും ക്യാഷ്വാലിറ്റിയും ഉൾപ്പെടെ 450-ഓളം പേർ ഈ ആശുപത്രിയിൽ ചികിത്സയ്ക്ക് വരുന്നുണ്ട്. നിലവിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	തസ്തിക	തസ്തികളുടെ എണ്ണം
1.	ഡോക്ടർ (അസിസ്റ്റന്റ് സർജൻ)	2
2.	ക്ലാർക്ക്	1
3.	ഓഫീസ് അസിസ്റ്റന്റ്	1
4.	സ്റ്റാഫ് നഴ്സ് ഗ്രേഡ് -I	1
5.	സ്റ്റാഫ് നഴ്സ് ഗ്രേഡ്- II	2
6.	ജെ.പി.എച്ച്.എൻ ഗ്രേഡ്- II	2
7.	ലാബ് ടെക്നീഷ്യൻ	2
8.	ഫാർമസിസ്റ്റ് ഗ്രേഡ്- I	1
9.	നഴ്സിംഗ് അസിസ്റ്റന്റ്	4
10.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II	2
11.	പി.റ്റി.എസ്	1
	ആകെ	19

ഇതു കൂടാതെ എൻ.എച്ച്.എം. മുഖേന ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	തസ്തികളുടെ എണ്ണം
1.	ഡോക്ടർ (എൻ.എച്ച്.എം.)	3
2.	സ്റ്റാഫ് നഴ്സ് (എൻ.എച്ച്.എം.)	3
3.	പാലിയേറ്റീവ് സെക്കണ്ടറി ലെവൽ സ്റ്റാഫ് നേഴ്സ്	1
4.	പാലിയേറ്റീവ് സെക്കണ്ടറി ലെവൽ ഫിസിയോതെറാപ്പിസ്റ്റ്	1
	ആകെ	8

LIBRARY ARCHIVES Kerala Legislative Assembly

എച്ച്.എം.സി. മുഖേന ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	തസ്തികളുടെ എണ്ണം
1.	ഡോക്ടർ	1
2.	ഫാർമസിസ്റ്റ്	1
3.	ലാബ് ടെക്നീഷ്യൻ	1
4.	സെക്യൂരിറ്റി	1
5.	പാർട്ട് ടൈം സ്വീപ്പർ	1
	ആകെ	**5**

പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനം

185 (1551) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ;

&

(ബി) ഇവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള പ്രോജക്ടുകൾ

(1) ജലദൗർലഭ്യം പരിഹരിക്കുവാനുള്ള ജി.എൽ.ആർ. ടാങ്ക് നിർമ്മാണവും അനുബന്ധ ജോലികളും.

(2) Modern Psychiatric Ward നിർമ്മാണം നാല് കോടി രൂപയുടേത് രണ്ടാം നില കോൺക്രീറ്റ് കഴിഞ്ഞു ബാക്കി നടപടികൾ നടന്നുവരുന്നു.

(3) പി.ഡബ്ല്യു.ഡി.-യുടെ നേതൃത്വത്തിൽ വിവിധ വാർഡുകളുടെ അറ്റകുറ്റപണികൾ നടന്നുവരുന്നു.

(4) മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക നടപടികൾ തയ്യാറാക്കാൻ KITCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) Half Way Home നിർമ്മാണം Cost Ford എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പണികൾ ആരംഭഘട്ടത്തിലാണ്.

(6) 2020-2021 സാമ്പത്തിക വർഷത്തിൽ വിവിധ അറ്റകുറ്റപണികൾക്കായി 83 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.